Press release 22-02-2017

# ഗുരുശിഷ്യപാരസ്പര്യത്തിന്റെ നിറവിൽ ശാന്തിഗിരിയിൽ അർദ്ധവാർഷിക കുംഭമേള ആഘോഷിച്ചു:

പോത്തൻകോട്: വ്രതശുദ്ധിയോടെ ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ ശാന്തിഗിരി ആശ്രമത്തിൽ അർദ്ധവാർഷിക കുംഭമേള ആഘോഷിച്ചു. ആശ്രമ സമുച്ചയത്തിൽ പ്രത്യേകം സജ്ജമാക്കിയ യജ്ഞശാലയിൽ സുഗന്ധദ്രവ്യങ്ങൾ ചേർത്തു തയ്യാറാക്കിയ തീർത്ഥം മകുടങ്ങളിൽ നിറച്ച് പീതവസ്ത്രംകൊണ്ടു പൊതിഞ്ഞുകെട്ടി, നാളികേരം വച്ച്, പൂമാല ചാർത്തി ഒരുക്കുന്ന കുംഭങ്ങൾ ഗുരുഭക്തർ ശിരസ്സിലേറ്റി ഘോഷയാത്രയായി ആശ്രമ സമുച്ചയം വലം വച്ച് ഗുരുസന്നിധിയിൽ സമർപ്പിച്ചു. 41 ദിവസത്തെ വ്രതാനുഷഠാനങ്ങളോടെ കുംഭം എടുക്കുന്നത് തീരാവ്യാധികളും, കുടുംബദോഷങ്ങൾ മാറ്റി പിതൃശുദ്ധിവരുത്തുന്ന കർമ്മമാണിത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ആയിരങ്ങൾ പങ്കുചേർന്ന കുംഭഘോഷയാത്ര ശാന്തിഗിരി ആശ്രമത്തെ അക്ഷരാർത്ഥത്തിൽ ഭക്തിസാന്ദ്രമാക്കി.

വൈകിട്ട് അഞ്ചുമണിയോടുകൂടി സന്ന്യാസി സന്ന്യാസിനിമാരുടെ നേതൃത്വത്തിൽ കുംഭമേള ഘോഷയാത്രയ്ക്ക് തുടക്കമായി. മേളയ്ക്കായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പതിനായിരങ്ങൾ പങ്കെടുത്തു. പഞ്ചവാദ്യം, നാദസ്വരം, പെരുമ്പറ എന്നിവയുൾപ്പെടെ ഒട്ടേറെ വാദ്യമേളങ്ങൾ കുംഭമേളയെ ആകർഷകമാക്കി. പൂർണ്ണ കുംഭമേന്തിയ ആയിരക്കണക്കിന് വിശ്വാസികൾക്കൊപ്പം ദീപമേന്തിയവരും സുവർണതാമര പതിപ്പിച്ച വർണക്കുടകൾ പിടിച്ചവരും ഗുരുനാമജപവുമായി നടന്നനീങ്ങിയപ്പോൾ അന്തരീക്ഷം ഭക്തിസാന്ദ്രവും സുഗന്ധ പൂരിതവുമായി.

രാവിലെ 5 ന് പർണശാലയിൽ നടന്ന പ്രത്യേക പുഷ്പാഞ്ജാലിയോടെ പ്രാർത്ഥനകൾക്ക് തുടക്കമായി. ആശ്രമത്തിലെ സന്ന്യാസ സംഘത്തിന്റെയും നിയുക്തരായ എഴുപത്തിരണ്ട് പേരുടെയും നേതൃത്വത്തിലാണ് പർണശാലയിൽ പുഷ്പാഞ്ജലി നടന്നത്. തുടർന്ന് 6 ന് ധ്വജം ഉയർത്തൽ, സന്ന്യാസ സംഘത്തിന്റെ നേതൃത്വത്തിൽ പുഷ്പസമർപ്പണം, ഗുരുപാദവന്ദനം, 10 മണിമുതൽ ഗുരുദർശനം , പ്രസാദ വിതരണം എന്നിവ നടന്നു.

ഫോട്ടോ ക്യാപ്ഷൻ: ശാന്തിഗിരിയിൽ നടന്ന പൂർണ കുംഭമേള ഘോഷയാത്ര.